**പതിനാലാം കേരളനിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5188** **15.11.2019 ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരുടെ കുറവ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ഉബൈദുള്ള** | | **എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ പഞ്ചായത്തുകളിൽ ആവശ്യമായ ജീവനക്കാരില്ലാത്തതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | ജില്ലയിലെ പതിനാറ് പഞ്ചായത്തുകളിൽ മാസങ്ങളായി നിലവിലുള്ള സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടേയും ഒഴിവുകൾ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ ക്ലാർക്കുമാരുടെ 44 ഒഴിവുകൾ നിലവിലുണ്ട്. ആയതിൽ 8 ഒഴിവുകൾ പി.എസ്.സി. വഴി നിയമിക്കുന്നതിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 5 ഒഴിവുകൾ എസ്.സി / എസ്.റ്റി സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയും 28 ഒഴിവുകൾ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നികത്തുവാനും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 3 ഒഴിവുകൾ മാതൃത്വ അവധിയിൽ പ്രവേശിച്ച ഒഴിവുകൾ ആണ്. |
| (സി) | പദ്ധതി നിർവ്വഹണത്തിൽ ഇപ്പോൾ പത്താം സ്ഥാനത്തുള്ള ജില്ലയിലെ നഗരസഭകളിലെയും പഞ്ചായത്തുകളിലെയും സെക്രട്ടറിമാരുടെയും ക്ലാർക്കുമാരുടെയും ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ; | (സി) & (ഡി) | മലപ്പുറം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ 18 സെക്രട്ടറി തസ്തികയുടേയും 44 ക്ലാർക്ക് തസ്തികകളുടെയും ഒഴിവ് നിലവിൽ ഉണ്ട്. നഗരസഭകളിൽ മലപ്പുറം ജില്ലയിൽ എൽ.ഡി. ക്ലാർക്ക് / ബിൽ ക്ലാർക്ക് തസ്തികകളിൽ 11 ഒഴിവുകളും മുനിസിപ്പൽ സെക്രട്ടറിമാരുടെ 4 ഒഴിവുകളും നിലവിലുണ്ട്. പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**